പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .-1272 21/03/2013 ൽ മറുപടിക്ക്

# റോഡുവികസനം സംബന്ധിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുവികസനം സംബന്ധിച്ച് ആസൂത്രണ ബോർഡ് അംഗം ശ്രീ. ഇ. ശ്രീധരൻ അംഗമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (എ) | ശ്രീ. ഇ. ശ്രീധരൻ അദ്ധ്യക്ഷനായി "റോഡുകളും റോഡുസുരക്ഷയും" എന്ന പേരിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ആയതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. റോഡ് നിർമ്മാണത്തിനുള്ള സാങ്കേതിക നിലവാരവും, മാർഗ നിർദ്ദേശങ്ങളും.<br>2. ഒരു ഹൈവേ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുക.<br>3. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ തൊഴിൽ സംസ്കാരം മെച്ചപ്പെടുത്തുക.<br>4. ധനവിഭവങ്ങൾ സമാഹരിക്കു ന്നതിലെ അപാകതകൾ പരിഹരി ക്കുക.<br>5. ഹൈവേ ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുക.<br>6. റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. |
| (സി) | പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായിട്ടുള്ള വയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) & (ഡി) | ഇക്കാര്യം പരിശോധിക്കുന്നതിനുവേണ്ടി ഒരു ഇന്റർ ഡിപ്പാർട്ട്മെന്റൽ കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച ശേഷമേ തീരുമാനമെടുക്കാൻ കഴിയൂ. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ